Mathrubhumi
മാതൃഭൂമി

# ‘കമ്യൂണിറ്റി റിസർവിൽനിന്ന് മത്സ്യബന്ധന യാനങ്ങൾ നീക്കണം’

## ‘ബേർഡ് റേസ്-23’ -ൽ 202 ഇനം പക്ഷികളെ കണ്ടെത്തി

**കോഴിക്കോട്** ▸ കടലുണ്ടി- വള്ളിക്കുന്ന് കമ്യൂണിറ്റി റിസർവിൽ നിർത്തിയിടുന്ന മത്സ്യബന്ധന യാനങ്ങൾ നീക്കണമെന്ന് മലബാർ നാച്വറൽ ഹിസ്റ്ററി സൊസൈറ്റി (എം.എൻ.എച്ച്.എസ്.). പക്ഷിശാസ്ത്രജ്ഞൻ ഡോ. സലിം അലിയുടെ 127-ാം ജന്മദിനത്തോടനുബന്ധിച്ച് നടത്തിയ ‘ബേർഡ് റേസ്- 2023’ യിൽ കമ്യൂണിറ്റി റിസർവിൽ കാണാറുള്ള പക്ഷികളിൽ ഗണ്യമായ കുറവുണ്ടായതായി കണ്ടെത്തി.




‘ബേർഡ് റേസ്-23’ അവലോകനയോഗം ജില്ലാ വനംവകുപ്പ് മേധാവി ലത്തീഫ് ചോലക്കൽ ഉദ്ഘാടനം ചെയ്യുന്നു

മത്സ്യബന്ധന യാനങ്ങളുടെ സാന്നിധ്യം ദേശാടന പക്ഷികളെ കടലുണ്ടിയിൽനിന്ന് അകറ്റുന്നതായി സംഘം വിലയിരുത്തി. ഉപയോഗശൂന്യമായ മത്സ്യബന്ധന യാനങ്ങളും ഇക്കൂട്ടത്തിലുണ്ട്. കാലങ്ങളായി ഇവ കമ്യൂണിറ്റി റിസർവിൽ ഉപേക്ഷിച്ച നിലയിലാണ്. കോവിഡിനുശേഷം കമ്യൂണിറ്റി റിസർവ് ഒരു മത്സ്യബന്ധന തുറമുഖമായി മാറിക്കൊണ്ടിരിക്കുകയാണ്.

ഉത്തര കേരളത്തിൽ വിവിധയിടങ്ങളിലായി നടത്തിയ 'ബേർഡ് റേസ്-2023' യിൽ 202 ഇനം പക്ഷികളെ കണ്ടെത്തി.

എച്ച്.എസ്.ബി.സി. യുടെ സഹകരണത്തോടെയാണ് പരിപാടി നടത്തിയത്. മാവൂർ, കടലുണ്ടി, ചെരണ്ടത്തൂർ, കക്കാട് ഇക്കോ ടൂറിസം സെന്റർ, പൊൻകുന്ന്, വനപർവം, കാപ്പാട് എന്നിവിടങ്ങളിലാണ് പക്ഷിനിരീക്ഷണം നടന്നത്.

ജില്ലാ വനംവകുപ്പ് മേധാവി ലത്തീഫ് ചോലക്കൽ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ പത്തുവർഷമായി മലബാർ വന്യജീവി സങ്കേതത്തിൽ നടത്തിവന്ന പക്ഷി കണക്കെടുപ്പിന്റെ റിപ്പോർട്ട് മുതിർന്ന എം.എൻ.എച്ച്.എസ്. അംഗം ഡോ. ടി. എൻ. വിജയകുമാർ ജില്ലാ വനം വകുപ്പ് മേധാവി ലത്തീഫ് ചോലക്കലിന് നൽകി. ഡോ. സന്ദീപ് ദാസ്, സത്യൻ മേപ്പയ്യൂർ, ഡോ. വിനീത് വിശ്വനാഥ്, ഡോ. കെ. കിഷോർകുമാർ, പ്രൊഫ. കെ. അബ്ദുൾ റിയാസ് തുടങ്ങിയവർ സംസാരിച്ചു.